പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3303 — 08/11/2019- ൽ മറുപടിയ്ക്ക്

## പച്ചക്കറികളുടെ ഗുണനിലവാര പരിശോധന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഡി.കെ. മുരളി | | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ വിപണിയിലേയ്ക്ക് കൊണ്ടുവരുന്ന പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്തെ അതിർത്തികളിൽ സ്ഥിരം പരിശോധനാ സംവിധാനം ഉണ്ടോ; വിശദമാക്കാമോ; | (എ) & (ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ വിപണിയിലേയ്ക്ക് കൊണ്ടുവരുന്ന പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്ഥിരം പരിശോധനാ സംവിധാനം സജ്ജമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ഭക്ഷ്യ സുരക്ഷാ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് ഇവ പരിശോധിക്കുന്നതിനുള്ള സ്ഥിരം സംവിധാനം നിലവിലില്ല. എന്നാൽ ഭക്ഷ്യസുരക്ഷാ വകുപ്പിനു കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷ വേളകളിൽ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്താറുണ്ട്. |
| (ബി) | ഇല്ലായെങ്കിൽ അതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ ? | |

സെക്ഷൻ ഓഫീസർ